"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനം വന്യജീവി വകുപ്പ്-25.11.2022 ലെ സ.ഉ.(സാധാ) നം. 528/2022/വനം നമ്പർ ഉത്തരവ് ഭേദഗതി വരുത്തി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനം വന്യജീവി (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.260/2023/F&WLD തീയതി, തിരുവനന്തപുരം, 10-07-2023.

---

പരാമർശം:-
1. ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 17.11.2022 ലെ ഇ7-5254/2022 നമ്പർ കത്ത്.
2. 25.11.2022 ലെ സ.ഉ.(സാധാ) നം. 528/2022/വനം നമ്പർ ഉത്തരവ്.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറലിന്റെ 09.06.2023 ലെ AU-II/AMG III (C&F)/I/G.O/2022-23/44 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരാമർശം (2) ഉത്തരവ് ചുവടെ ചേർത്തിരിക്കുന്ന പ്രകാരം ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

2. പരിചയ സമ്പന്നനായ ഒരു ജീവനക്കാരന്റെ സേവനം എറണാകുളം അഡ്വക്കേറ്റ് ജനറൽ ഓഫീസിലെ ഫോറസ്റ്റ് ലെയ്സൺ ഓഫീസിൽ അനിവാര്യമായതിനാൽ, ബീറ്റ് ഫോറസ്റ്റ് ഓഫീസറായിരുന്ന ശ്രീ. ഷൈജു. എൻ.ഡി. യെ എറണാകുളം അഡ്വക്കേറ്റ് ജനറൽ ഓഫീസിലെ ഫോറസ്റ്റ് ലെയ്സൺ ഓഫീസിൽ പ്രസ്തുത തസ്തിക ഷിഫ്റ്റ് ചെയ്യുന്നതു വരെ അല്ലെങ്കിൽ ടി ഉത്തരവ് തീയതി മുതൽ ഒരു വർഷം, ഏതാണോ ആദ്യം അതുവരെ, വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നിയമിച്ചിരുന്നു. തുടർന്ന് വനം വകുപ്പിന്റെ എറണാകുളം ലെയ്സൺ ഓഫീസിലേയ്ക്ക് ഒരു ജീവനക്കാരന്റെ സേവനം അനിവാര്യമാണെങ്കിൽ, തസ്തിക ഷിഫ്റ്റ് ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ അടിയന്തരമായി ലഭ്യമാക്കാൻ ഭരണവിഭാഗം അഡിഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് നിർദ്ദേശം നൽകുകയുണ്ടായി. പീച്ചി വൈൽഡ് ലൈഫ് ഡിവിഷനിലെ ചിമ്മിനി റേഞ്ചിലെ ചിമ്മിനി ഫോറസ്റ്റ് സ്റ്റേഷനിലെ നിലവിലുള്ള നാല് സെക്ഷൻ ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ നിന്നും ഒരു തസ്തിക എറണാകുളം ലെയ്സൺ ഓഫീസിലേയ്ക്ക് ഷിഫ്റ്റ് ചെയ്യാവുന്നതാണെന്ന് പരാമർശം (1) പ്രകാരം ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ശിപാർശ സമർ പ്പിക്കുകയുണ്ടായി. ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ ശിപാർശ പരിഗണിച്ച്, പീച്ചി വൈൽഡ് ലൈഫ് ഡിവിഷനിലെ ചിമ്മിനി റേഞ്ചിലെ ചിമ്മിനി ഫോറസ്റ്റ് സ്റ്റേഷനിലെ നിലവിലുള്ള നാല് സെക്ഷൻ ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ നിന്നും ഒരു തസ്തിക എറണാകുളം ലെയ്സൺ ഓഫീസിലേയ്ക്ക് ഷിഫ്റ്റ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പരാമർശം (2) ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

സ.ഉ.(സാധാ) നം.260/2023/F&WLD

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷാജൻ.എ

അഡിഷണൽ സെക്രട്ടറി.

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം.

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, സെൻട്രൽ സർക്കിൾ, തൃശ്ശൂർ.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ ), കേരള, തിരുവനന്തപുരം.

വെബ് & ന്യൂ മീഡിയ.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Noushad S

സെക്ഷൻ ഓഫീസർ

Date: 10-07-2023 15:48:42